# <u>കോട്ടക്കൽ നഗരസഭ</u>

**R3/12538/11** **തിയ്യതി: 28.06.2014.**

വസ്തുവഹകൾ ആർജ്ജിക്കലും കയ്യൊഴിക്കലും സംബന്ധിച്ചുള്ള ബൈലോ/ ബൈലോ ഭേദഗതി – (കരട്)

1994 –ലെ KMAct 567 വകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും ടി ആക്ടിന്റെ 215(1), (2), (2)C, 3(2), 9(8) എന്നിവ അനുസരിച്ചും കോട്ടക്കൽ നഗരസഭ താഴെപ്പറയുന്ന ബൈലോ ചമയ്ക്കുന്നു.

**<u>അതിൻ പ്രകാരം</u>**

1. ഈ ബൈലോ KMAct 215(4)(2) –ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നതും "കോട്ടക്കൽ നഗരസഭ (കെട്ടിടമുറികൽ കയ്യൊഴിക്കൽ) ബൈലോ–2014" എന്ന പേരിൽ അറിയപ്പെടുന്നതുമാണ്.
2. ഇതിന് കൗൺസിൽ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ/...................................... തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**<u>മുറിയുടെ ലൈസൻസ് കൈമാറ്റം ചെയ്യുമ്പോൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.</u>**

1. ഒരിക്കൽ കൈമാറ്റം ചെയ്ത മുറിയുടെ ലൈസൻസ് പിന്നീട് മൂന്ന് വർഷത്തിനുള്ളിൽ പിന്തുടർച്ചവകാശം വഴി അല്ലാതെ കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതാണ്.
2. പുതിയതായി ലൈൻസ് ലഭിക്കുന്നയാൾ മുറിയുടെ ഘടനയിലോ, സ്വഭാവത്തിലോ നഗരസഭയുടെ അനുമതി കൂടാതെ യാതൊരു മാറ്റവും വരുത്തുവാൻ പാടില്ലാത്തതാണ്.
3. ഓരോ വർഷവും നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് പുതുക്കേണ്ടതാണ്.
4. പുതിയതായി ലൈൻസ് ലഭിക്കേണ്ടയാളും നിലവിലെ ലൈസൻസിയും സംയുക്തമായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.
5. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ/പാർട്ടണർഷിപ്പ് ഡീഡ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.
6. റിട്ടയർമന്റ് ഡീഡ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.
7. കൈമാറ്റം ചെയ്യേണ്ടമുറിയുടെ ലൈസൻസ് ഫീസ്, സർവ്വീസ് ടാക്സ്, തൊഴിൽ നികുതി, D&O ലൈസൻസ് എന്നിവയിൽ കുടിശ്ശിഖ പാടില്ലാത്തതാണ്.
8. മുൻകൂർ വാടകയിനത്തിൽ 6 മാസത്തെ വാടക ഡിപ്പോസിറ്റായി അടവാക്കേണ്ടതാണ്.
9. ഡെപ്പോസിറ്റായി 50,000/–രൂപയോ കൗൺസിൽ നിശ്ചയിക്കുന്ന തുകയോ ഇവ ഏതാണ് കൂടുതൽ ആയതു അടവാക്കേണ്ടതാണ്.

10. തെറ്റായ വിവരം നൽകി കൈമാറ്റം നടത്തിയതു ശ്രദ്ധയിൽപെടാൽ 8, 9ൽ പറഞ്ഞിട്ടുള്ള തുകകൾ നഗരസഭ ഫണ്ടിലേയ്ക്ക് കണ്ടുകെട്ടുന്നതും മുറി നഗരസഭ കൈവശത്തിലെടുക്കുന്നതുമാണ്.

11. 10 പ്രകാരം കൈവശത്തിലെടുക്കുന്ന മുറികൾ കൗൺസിൽ അതാതു സംഗതികളിൽ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി കൈ ഒഴിയുന്നതാണ്.

(**വിശദീകരണ കുറിപ്പ്:-** KM Act Sec 215 (4) (2)ൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമോ, മുറിയോ, മറ്റിടമോ നിലവിൽ ലൈസൻസ് പ്രകാരം വാടക്യ്ക്ക് ഏറ്റെടുത്ത് നടത്തുന്ന ആൾ രേഖാമൂലം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചാൽ ആയത് നഗരസഭയ്ക്ക് യുക്തമെന്ന് തോന്നുന്നപക്ഷം അതാതുകാലത്ത് ഏർപ്പെടുത്തിയേക്കാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി കൈമാറ്റം ചെയ്ത് നൽകാവുന്നതാണ്. അപ്രകാരം നടക്കുന്ന കൈമാറ്റത്തിന്റെ കാര്യത്തിൽ അത് എല്ലാത്തരം ആവശ്യങ്ങൾക്കും ഒരു പുതിയ ലൈസൻസായി കരുതപ്പെടേണ്ടതാണ്. എന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. നിലവിൽ മുറിയുടെ കൈമാറ്റം സംബന്ധിച്ച് നഗരസഭ യുക്തമായ വ്യവസ്ഥകൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ലാത്താണ്. ടി ലക്ഷ്യം നിറവേറ്റുന്നതിനായി മേൽപറഞ്ഞ നിബന്ധനകൾ ഏർപ്പെടുത്തുന്നതിനു ഉദ്ദേശിക്കുന്നു. )

**(ഒപ്പ്)**
**സെക്രട്ടറി**
**കോട്ടക്കൽ നഗരസഭ**